# കെ.എസ്.ഇ.ബി എംപ്ലോയീസ് വെൽഫയർ ഫണ്ട്

## പേഴ്സണൽ ഡിപ്പാർട്ട്മെന്റ്

വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം – 695004.

ഫോൺ : 0471 2514527, 2514608 ഇ-മെയിൽ : pokseb@gmail.com

KSEBL/SEC/PD/1310/2024-CPO തീയതി: 10/07/2026

**പരിപത്രം**

വിഷയം :- വെൽഫയർ ഫണ്ടിൽ നിന്നും 2026 വർഷത്തേയ്ക്ക് വിദ്യാഭ്യാസ അവാർഡ് അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച്.

സൂചന :- (1) സർക്കുലർ നമ്പർ KSEBL/SEC/PD/868/2024-CPO തീയതി 11.06.2026

(2) സർക്കുലർ നമ്പർ KSEBL/SEC/PD/1310/2024-CPO തീയതി 27.06.2026

(3) കെ.എസ്.ഇ.ബി വർക്കേഴ്സ് അസോസിയേഷൻ (സി.ഐ.ടി.യു) ജനറൽ സെക്രട്ടറിയുടെ 09.07.2026 തീയതി പ്രകാരമുള്ള കത്ത്.

(4) കേരള ഇലക്ട്രിസിറ്റി വർക്കേഴ്സ് ഫെഡറേഷൻ (എ.ഐ.ടി.യു.സി) ജനറൽ സെക്രട്ടറിയുടെ 09.07.2026 തീയതി പ്രകാരമുള്ള കത്ത്

കെ.എസ്.ഇ.ബി എംപ്ലോയീസ് വെൽഫെയർ ഫണ്ടിലെ വ്യവസ്ഥകളനുസരിച്ച് വിദ്യാഭ്യാസ അവാർഡിനുള്ള അപേക്ഷകൾ 27.06.2026-നു മുൻപായി സമർപ്പിക്കുന്നതിന് സൂചന (1) പ്രകാരം പരിപത്രം പുറപ്പെടുവിച്ചിരുന്നു. തുടർന്ന്, ചില വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതിനാൽ അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി **10.07.2026**-ലേക്ക് ദീർഘിപ്പിച്ചുകൊണ്ട് സൂചന (2) പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നു.

എന്നാൽ ചുരുക്കം ചില വിദ്യാർത്ഥികൾക്ക് പുനർ മൂല്യ നിർണയത്തിന്റെ സർട്ടിഫിക്കറ്റ് ഇനിയും ലഭ്യമായിട്ടില്ലാത്തതിനാൽ ഒരിക്കൽ കൂടി അപേക്ഷകൾ സമർപ്പിക്കുന്നതിനു സാവകാശം നല്കണമെന്ന് അഭ്യർഥിച്ചുകൊണ്ടു സൂചന (3) പ്രകാരം കെ.എസ്.ഇ.ബി വർക്കേഴ്സ് അസോസിയേഷൻ (CITU)-യും, കേരള ഇലക്ട്രിസിറ്റി വർക്കേഴ്സ് ഫെഡറേഷൻ (എ.ഐ.ടി.യു.സി)-യും ആവശ്യപ്പെട്ടിരുന്നു. മേൽ ആവശ്യങ്ങൾ പരിഗണിച്ചും, സർട്ടിഫിക്കറ്റുകൾ ലഭ്യമാകുവാനുള്ള കാലതാമസം പരിഗണിച്ചും, വിദ്യാഭ്യാസ അവാർഡിനുള്ള അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി **18.07.2026** വരെ ദീർഘിപ്പിച്ചതായി അറിയിക്കുന്നു.

ARU-കളിൽ നിന്ന് പരിശോധന നടത്തി അംഗീകരിച്ച അപേക്ഷകൾ **18.07.2026-ന് വൈകുന്നേരം 5.00 മണിക്ക് മുൻപായി** ഓൺലൈൻ മുഖേന ഈ കാര്യാലയത്തിലേക്ക് നിർബന്ധമായും സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനു ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

സെക്രട്ടറി

**കെ.എസ്.ഇ.ബോർഡ് എംപ്ലോയീസ് വെൽഫയർ ഫണ്ട്**